# വ്യവസായ കേരളം

26

Newsletter of
DIRECTORATE OF INDUSTRIES & COMMERCE
Government of Kerala

www.industry.kerala.gov.in

01 OCTOBER 2022


# 4 സ്വകാര്യ വ്യവസായ എസ്റ്റേറ്റുകൾക്ക് അനുമതി

വ്യവസായ വകുപ്പിന്റെ സ്വകാര്യ വ്യവസായ എസ്റ്റേറ്റ് പദ്ധതിയിൽ അപേക്ഷ സമർപ്പിച്ച സംരംഭകരിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട യോഗ്യരായ നാലു സംരംഭകർക്കുള്ള ഡെവലപർ പെർമിറ്റ് ബഹു. നിയമ വ്യവസായ കയർ വകുപ്പ് മന്ത്രി ശ്രീ. പി.രാജീവ് വിതരണം ചെയ്തു. വ്യവസായങ്ങൾക്കനുയോജ്യമായ ഭൂമിയുടെ ദൗർലഭ്യം പരിഹരിച്ചു വ്യവസായ വികസനത്തെ സഹായിക്കാൻ സൃഷ്ടിച്ച പദ്ധതിയാണ് സ്വകാര്യ വ്യവസായ എസ്റ്റേറ്റ് പദ്ധതി. സംസ്ഥാനത്ത് 10 ഏക്കറിലധികം സ്ഥലം ഉള്ളവർക്ക് പാർക്കിന്റെ ലൈസൻസിനായി അപേക്ഷിക്കാൻ കഴിയും.



സ്വകാര്യ വ്യവസായ എസ്റ്റേറ്റ് പദ്ധതിക്ക് മികച്ച പ്രതികരണമാണ് ലഭിക്കുന്നത്. പദ്ധതി പ്രഖ്യാപിച്ചതിനു ശേഷം 28 അപേക്ഷകൾ ലഭിച്ചുകഴിഞ്ഞു. അപേക്ഷ നൽകുന്നതു മുതൽ ലൈസൻസ് ലഭ്യമാക്കുന്നതുവരെയുള്ള മുഴുവൻ നടപടിക്രമങ്ങളും ഓൺലൈനായാണു നടത്തുന്നത്. അതുകൊണ്ടുതന്നെ സംരംഭകർക്ക് ഡെവലപ്പർ പെർമിറ്റിനായി ഓഫിസുകൾ കയറിയിറങ്ങേണ്ടിവരില്ല. വരും വർഷങ്ങളിൽ 100 സ്വകാര്യ വ്യവസായ പാർക്കുകൾ ആരംഭിക്കാനാണു ലക്ഷ്യമിടുന്നത്. ഇതിലൂടെ ചുരുങ്ങിയത് ആയിരം ഏക്കറിൽ പുതിയ വ്യവസായങ്ങൾ ആരംഭിക്കാൻ സാധിക്കുമെന്ന് ബഹു.മന്ത്രി പറഞ്ഞു.

2022-23 സംരംഭകത്വ വർഷമായാണു സർക്കാർ പരിഗണിക്കുന്നത്. ഒരു വർഷം കൊണ്ട് ഒരു ലക്ഷം ചെറുകിട, ഇടത്തരം സംരംഭങ്ങൾ ആരംഭിക്കാനാണു ലക്ഷ്യമിടുന്നത്. പദ്ധതി ആറു മാസം പിന്നിടുമ്പോൾത്തന്നെ 61,158 എംഎസ്എംഇകൾ രജിസ്റ്റർ ചെയ്തുകഴിഞ്ഞു. ഇതിലൂടെ 3725.08 കോടിയുടെ നിക്ഷേപവും 134,932 തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും സാധിച്ചു.

വിഎംപിഎസ് ഫുഡ് പാർക്ക് ആൻഡ് വെൻനച്ച്വേഴ്സ് കണ്ണൂർ, മലബാർ എന്റർപ്രൈസസ് മലപ്പുറം, ഇന്ത്യൻ വെർജിൻ സ്പൈസസ് പ്രൈവറ്റ് ലിമിറ്റഡ് കോട്ടയം, കടമ്പൂർ ഇൻഡസ്ട്രീസ് പാർക്ക് പാലക്കാട് എന്നീ സംരംഭകർക്കുള്ള ഡെവലപർ പെർമിറ്റാണ് ബഹു.മന്ത്രി വിതരണം ചെയ്തത്.

ബഹു. വട്ടിയൂർക്കാവ് എംഎൽഎ ശ്രീ. വി.കെ. പ്രശാന്ത് ചടങ്ങിൽ അധ്യക്ഷനായി. വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ശ്രീ. സുമൻ ബില്ല ഐഎഎസ്, വ്യവസായ വാണിജ്യ ഡയറക്ടർ ശ്രീ. എസ്. ഹരികിഷോർ ഐഎഎസ്, കിൻഫ്ര മാനേജിങ് ഡയറക്ടർ ശ്രീ. സന്തോഷ് കോശി തോമസ്, CII സൗത്ത് സോൺ മുൻ ചെയർമാൻ ശ്രീ. എം.ആർ. നാരായണൻ, കെഎസ്എസ്ഐഎ തിരുവനന്തപുരം ജില്ലാ പ്രസിഡന്റ് ശ്രീ. സി.എസ്. പ്രദീപ് കുമാർ തുടങ്ങിയവർ പങ്കെടുത്തു.

## ചെറുസംരംഭങ്ങൾക്ക് കുറഞ്ഞ പലിശ നിരക്കിൽ വായ്പ



2022-2023 സംരംഭക വർഷമായി ആചരിക്കുന്നതിന്റെ ഭാഗമായി ഒരു കുടുംബത്തിൽ നിന്നും ഒരു സംരംഭം എങ്കിലും ആരംഭിക്കുകയെന്ന ലക്ഷ്യത്തോടെ സർക്കാർ ആവിഷ്കരിച്ച പദ്ധതിയാണ് ‘ഒരു കുടുംബം ഒരു സംരംഭം പദ്ധതി. ഈ പദ്ധതിയിൽ ബാങ്ക് വായ്പയുടെ പലിശ നിരക്കിൽ 5% വരെ ഇളവ് ധനസഹായമായി സർക്കാർ നൽകുന്നു.

പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിന് 10 ലക്ഷം രൂപ വരെ ബാങ്ക് ലോൺ ഉള്ള ഉൽപ്പാദന, സേവന, വ്യാപാര മേഖലയിലെ സ്ഥാപനങ്ങൾക്ക് പദ്ധതി വഴി പലിശ ഇളവ് നൽകുന്നു. പദ്ധതി പ്രകാരം സ്ഥിരമൂലധന വായ്പക്കും, പ്രവർത്തന മൂലധന വായ്പക്കും ആനുകൂല്യം ലഭിക്കുന്നു. 2022 ഏപ്രിൽ ഒന്ന് മുതൽ പ്രവർത്തനം ആരംഭിക്കുന്ന പുതിയ യൂണിറ്റുകൾക്ക് മാത്രമാണ് ഈ പദ്ധതി പ്രകാരം സർക്കാരിൽ നിന്നുള്ള പലിശ ഇളവ് ലഭ്യമാകുന്നത്. ഈ പദ്ധതിയുടെ 50 ശതമാനം ഗുണഭോക്താക്കൾ വനിതാ സംരംഭകർ ആയിരിക്കും.

# സംരംഭക വർഷത്തിൽ മികവോടെ മുന്നോട്ട്

## സംരംഭക സൗഹാർദ്ദ പദ്ധതികളൊരുക്കി വ്യവസായ വകുപ്പ്



2022-2023 സംരംഭക വർഷമായി ആചരിക്കുകയാണ്. ഒരു ലക്ഷം സംരംഭങ്ങളാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. സർക്കാരിന്റെയും വ്യവസായ വകുപ്പിന്റെയും കരുതലോടുള്ള സമീപനവും ചിട്ടയായ പ്രവർത്തനവും ഈ ലക്ഷ്യം കൈവരിക്കുമെന്ന് തന്നെയാണ് പ്രത്യാശിക്കുന്നത്. 2022 ഏപ്രിലിൽ ആരംഭിച്ച പദ്ധതിയിൽ ഇതിനകം 61,158 എംഎസ്എംഇ കൾ രജിസ്റ്റർ ചെയ്തു കഴിഞ്ഞു. ഇതിലൂടെ 3725.08 കോടിയുടെ നിക്ഷേപവും 134,932 തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും സാധ്യമായിട്ടുണ്ട്.

### 1153 ഇന്റേണുകൾ

ഒരു ലക്ഷം സംരംഭങ്ങൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ തദ്ദേശ സ്വയം ഭരണ സ്ഥാപന തലത്തിൽ നടപ്പിലാക്കുന്നതിന് എല്ലാ തദ്ദേശ സ്ഥാപനങ്ങളിലുമായി പ്രൊഫെഷണൽ യോഗ്യതയുള്ള 1153 ഇന്റേണുകളെ  നിയമിച്ചിട്ടുണ്ട്. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ ബോധവത്കരണ പരിപാടികൾ, ലോൺ/ ലൈസൻസ് മേളകൾ തുടങ്ങിയ പ്രവർത്തനങ്ങൾ ഇന്റേണുകളുടെ ഉത്തരവാദിത്തലായിരിക്കും നടക്കുക.

### സ്വകാര്യ വ്യവസായ എസ്റ്റേറ്റ് പദ്ധതി

വ്യവസായങ്ങൾക്കനുയോജ്യമായ ഭൂമിയുടെ ദൗർലഭ്യം പരിഹരിച്ചു വ്യവസായ വികസനത്തെ സഹായിക്കാൻ സൃഷ്ടിച്ച പദ്ധതിയാണ് സ്വകാര്യ വ്യവസായ എസ്റ്റേറ്റ് പദ്ധതി. സംസ്ഥാനത്ത് 10  ഏക്കറിലധികം സ്ഥലം ഉള്ളവർക്ക് പാർക്കിൻറെ ലൈസൻസിനായി അപേക്ഷിക്കാൻ കഴിയും.

### ഹെല്പ് ഡെസ്ക്

കേരളത്തിലെ എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിലും തിങ്കൾ, ബുധൻ ദിവസങ്ങളിൽ ഹെല്പ് ഡെസ്ക് വഴിയുള്ള ഇന്റേൺസിന്റെ സേവനം ലഭ്യമാണ്.

### പൊതു ബോധവൽക്കരണ പരിപാടികൾ

കേരളത്തിലെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപന പ്രദേശങ്ങളിലും, സംരംഭം തുടങ്ങാൻ താല്പര്യമുള്ള ആളുകൾക്ക് 2022 മെയ് - ജൂൺ മാസങ്ങളിൽ പൊതു ബോധവൽക്കരണ പരിപാടി നടത്തിയിട്ടുണ്ട്.

### സംരംഭക വായ്പാ പദ്ധതി

പുതുതായി ആരംഭിക്കുന്ന എം.എസ്.എം.ഇ കൾക്ക് 4% പലിശ നിരക്കിൽ വായ്പ ലഭ്യമാക്കുന്നതാണ് സംരംഭക വായ്പാ പദ്ധതി. നിർമ്മാണം, സേവനം, വ്യാപാരം തുടങ്ങിയ മേഖലകളിൽ ആരംഭിക്കുന്ന പത്ത് ലക്ഷം രൂപ വരെയുള്ള വായ്പകൾക്കാണ് പലിശയിളവ് ലഭിക്കുക.

### ഓൺലൈൻ പോർട്ടൽ

ഒരു ലക്ഷം സംരംഭങ്ങളുമായി  ബന്ധപ്പെട്ട് വിവിധ വകുപ്പുകളുടെ നേതൃത്വത്തിൽ ആരംഭിക്കുന്ന സംരംഭങ്ങളുടെ വിവരങ്ങൾ ശേഖരിക്കുന്നതിനും അവയുമായി ബന്ധപ്പെട്ട കൃത്യമായ കണക്കുകൾ സൂക്ഷിക്കുന്നതിനും ഒരു ഓൺലൈൻ പോർട്ടൽ ആരംഭിച്ചിട്ടുണ്ട്.

കേരളത്തിലെ വ്യവസായ മേഖലയെ ക്രിയാത്മകമായി രൂപപ്പെടുത്തുന്നതിന്റെ ഭാഗമായി  സംസ്ഥാനത്ത് വ്യവസായ സംരംഭങ്ങൾ ശക്തിപ്പെടുത്തുന്നതിനുള്ള നിർണായകമായ നടപടികളാണ്  വ്യവസായ വകുപ്പിന്റെ നേതൃത്വത്തിൽ നടപ്പിലാക്കി വരുന്നത്.


കേരളമുൾപ്പെടെ 30
സംസ്ഥാന - കേന്ദ്രഭരണ പ്രദേശങ്ങളിൽ
നിന്നുമുള്ള കരകൗശല വിദഗ്ധരുടെ
സാന്നിധ്യത്തിൽ ഒരുക്കുന്ന കരവിരുതിന്റെ
വിസ്മയ ദിനങ്ങൾ

സമയം : രാവിലെ 10.30 മുതൽ രാത്രി 8.30 വരെ

പ്രവേശനം സൗജന്യം

മലബാർ
ക്രാഫ്റ്റ്സ് മേള 2022
സ്വപ്നനഗരി, കോഴിക്കോട്
2022 ഒക്ടോബർ 2 മുതൽ 16 വരെ



Designed and Published by Kerala Bureau of Industrial Promotion (KBIP) on behalf of
Directorate of Industries & Commerce, Government of Kerala, Vikas Bhavan, Thiruvananthapuram.